# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.1948 - 08/03/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ്

**ചോദ്യം**

**ഉത്തരം**

**ശ്രീ.കെ.മുരളീധരൻ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് അവസാന തീയതിയായി നിശ്ചയിച്ചിരുന്നത് 31.10.2017 ആയിരുന്നു. തുടർന്ന് അവസാന തീയതി 31.12.2017 വരെയും 31.01.2018 വരെയുമായി രണ്ടു തവണ ദീർഘിപ്പിച്ച് നൽകിയിരുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി വീണ്ടും ദീർഘിപ്പിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി | മാതാപിതാക്കളുടെ വാർഷിക വരുമാനം 8 ലക്ഷം വരെയുള്ളവരുടെ കുട്ടികൾ എടുത്ത വിദ്യാഭ്യാസ വായ്പ ഇ.എൽ.ആർ.എസ്. പദ്ധതിയിൽ ഉൾപ്പെടുത്തി എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ആറു ലക്ഷം രൂപ വരെ രക്ഷാകർതൃ/കുടുംബ മൊത്ത വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. 40% അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന വാർഷിക വരുമാന പരിധി ഒൻപത് ലക്ഷം രൂപയായിരിക്കും. |

സെക്ഷൻ ഓഫീസർ